# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: VIII** | **DEPARTMENT: MALAYALAM** | **DATE: 26-10-2021** |
| **Class Notes** | **Lesson: ആ വാഴവെട്ട്** | **Topic: OTQ & Descriptive** |

**<u>അർത്ഥം</u>**

കുംഭം = ഏഴാമത്തെ മലയാള മാസം

അർധനഗ്നം = പകുതി വസ്ത്രം ധരിക്കാത്ത

ശ്മശ്രു = മുഖരോമം

പ്രസന്നത = പ്രസന്ന ഭാവം ( തെളിഞ്ഞ ഭാവം)

അയിരൂച്ചട്ടി = ഒരു തരം പിഞ്ഞാണം

പടു = സമർത്ഥൻ

പ്രാണായാമപടു = പ്രാണായാമം ചെയ്യുന്നതിൽ സമർത്ഥൻ

യതിവര്യൻ = സന്ന്യാസി ശ്രേഷ്ഠൻ

നിഷ്ഫലം =പ്രയോജനമില്ലാത്ത

അത്യധ്വാനം = കഠിനമായ അധ്വാനം

ഗദ്ഗദകണ്ഠൻ = തൊണ്ടയിടറിയവൻ

ചട്ടം = നിയമം

സഗൗരവം = ഗൗരവത്തോടെ

വിഷാദമഗ്നൻ = സങ്കടത്തിൽ മുഴുകിയവൻ

മന്ദം = പതുക്കെ

മുറ്റിയ = പാകമായ

നിതാന്ത സ്വതന്ത്രം = ഏറ്റവും സ്വതന്ത്രം

പരവശൻ = ക്ഷീണിച്ചവൻ

അന്ത്യദിനം = അവസാനദിനം

പുരയിടം = പറമ്പ്

സിംഹി = പെൺസിംഹം

**<u>പര്യായപദങ്ങൾ</u>**

ചേന = സൂരണം , ശൂരണം

ചന്ദ്രൻ = ഇന്ദു , തിങ്കൾ , സോമൻ

കൃഷിക്കാരൻ = കൃഷീവലൻ , കർഷകൻ

വാഴ = സുഭല , രംഭ

കല്ല് = ശില , ഉപലം , പാറ

പ്ലാവ് = പനസം , കണ്ടക ഫലം

ഇല = പത്രം , പർണം

മാവ് = ആമ്രം , രസാലം , മാകന്ദം

ഉപ്പൻ = ചകോരം , ഭരദ്വാജം

കണ്ഠം = കഴുത്ത് , ഗ്രീവം , ഗളം

**വിപരീതപദം**

വളഞ്ഞ x നിവർന്ന

അർധം x പൂർണ്ണം

പ്രസന്നം x മ്ലാനം

ഇഷ്ടം x അനിഷ്ടം

ആവശ്യം x അനാവശ്യം

പ്രയാസം x നിഷ്പ്രയാസം

അതിഥി x ആതിഥേയൻ

വരവ് x ചെലവ്

ദയ x നിർദ്ദയ

ആദ്യ ദിനം x അന്ത്യ ദിനം

**എതിർലിംഗം**

കർഷകൻ x കർഷക

പരവശൻ x പരവശ

പുത്രി x പുത്രൻ

പിതാവ് x മാതാവ്

വൃദ്ധൻ x വൃദ്ധ

ഉദ്യോഗസ്ഥൻ x ഉദ്യോഗസ്ഥ

അയൽക്കാരൻ x അയൽക്കാരി

സിംഹം x സിംഹി

**<u>പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക</u>**

കുംഭത്തിൽ = കുംഭം+ ഇൽ - ആദേശസന്ധി

ചേനത്തലകൾ = ചേന + തലകൾ -ദ്വിത്വസന്ധി

കൈപ്പത്തി = കൈ + പത്തി -ദ്വിത്വസന്ധി

അതെങ്ങനെ = അത് + എങ്ങനെ -ലോപസന്ധി

ആഴ്ചയിൽ = ആഴ്ച + ഇൽ - ആഗമസന്ധി

വകയൊട്ടും = വക + ഒട്ടും -ആഗമസന്ധി

നേരമില്ല = നേരം + ഇല്ല -ആദേശസന്ധി

വാഴപ്പോള = വാഴ + പോള - ദ്വിത്വസന്ധി

**<u>ഉത്തരമെഴുതുക</u>**

*<u>1. "എന്റെ മോളേ, നല്ലൊരു നോമ്പായിരുന്നു. കഞ്ഞിവെള്ളത്തിനു പകരം സൂപ്പാണല്ലോ കുടിക്കുന്നത്" മർക്കോസ് ചേട്ടൻ ഇങ്ങനെ പറയാൻ ഇടയായ സാഹചര്യം എന്ത് ?</u>*

കൃഷിയിടത്തിൽ ദാഹിച്ചു പരവശനായി നിന്ന മർക്കോസ് ചേട്ടൻ, മകൾ റാഹേൽ നൽകിയ കഞ്ഞിവെള്ളം കുടിച്ച ശേഷം അതിന്റെ രുചിവ്യത്യാസത്തെക്കുറിച്ച് പ്രതികരിക്കുന്നതാണ് സന്ദർഭം. കഞ്ഞിവെള്ളത്തിന്റെ ദുസ്വാദിന് കാരണം അന്വേഷിക്കുന്ന പിതാവിനോട് റേഷൻ കടകളിൽ നിന്ന് കിട്ടുന്ന പച്ചരിയിൽ നെല്ലും പൊടിയും മാത്രമല്ല പുഴുക്കളും ഉണ്ടെന്ന് അവൾ പറയുന്നു. അരിയോടൊപ്പം പുഴുക്കളും കലർന്നതാണ് കഞ്ഞിവെള്ളത്തിന് സൂപ്പിന്റെ രുചിഭേദം വരാൻ കാരണം. നോമ്പുകാലത്ത് ക്രിസ്ത്യാനികൾക്ക് മാംസാഹാരം നിഷിദ്ധമാണ്. അതുകൊണ്ടാണ് നല്ല ഒരു നോമ്പുകാലത്ത് കഞ്ഞിവെള്ളത്തിനു പകരം പ്രാണികൾ ഉള്ള സൂപ്പ് കുടിക്കേണ്ടി വന്നല്ലോ എന്ന് മർക്കോസ് ചേട്ടൻ പരിതപിക്കുന്നത്.

*<u>2.</u>* <u>വാഴ വെട്ടുക എന്നത് മർക്കോസ് ചേട്ടനെ സംബന്ധിച്ചിടത്തോളം സ്വന്തം കഴുത്തു വെട്ടുന്നതിന് തുല്യമായിരുന്നു എന്ന് എഴുത്തുകാരൻ പറയുന്നത് എന്തുകൊണ്ട് ?</u>

മർക്കോസ് ചേട്ടന് കഷ്ടിച്ച് ഒരേക്കർ സ്ഥലമുണ്ട്. അത്യധ്വാനം കൊണ്ട് ചുവടു പിടിപ്പിച്ച കുറെ വാഴകളാണ് ആ പറമ്പിന്റെ പച്ചപ്പ്. ആ കർഷക കുടുംബത്തിന്റെ തണലാണ് അവ. വാഴയിലയും, നാരും വിറ്റ് അയാളുടെ കുട്ടികൾ ആഴ്ചയിൽ ഒരു രൂപയെങ്കിലും ആദായമുണ്ടാക്കും. വെള്ളിയാഴ്ച ചന്തയിൽ കൊണ്ടു പോകുന്നതിന് ഒരു വാഴക്കുലയെങ്കിലും ആ കർഷകന് കിട്ടുകയും ചെയ്യും. ഈ കാരണങ്ങൾ കൊണ്ടാണ് വാഴ വെട്ടുക എന്നത് മർക്കോസ് ചേട്ടനെ സംബന്ധിച്ചിടത്തോളം സ്വന്തം കഴുത്തു വെട്ടുന്നതിന് തുല്യമായിരുന്നു എന്ന് എഴുത്തുകാരൻ പറയുന്നത് .

3 .പരിഷ്കാരികളായ ഉദ്യോഗസ്ഥർ മർക്കോസ് ചേട്ടന്റെ വീട്ടിലെത്തിയത് എന്തിന് ?

ഗവൺമെന്റ് പുറത്തിറക്കിയ ഉത്തരവനുസരിച്ച് രോഗബാധിത പ്രദേശത്തുള്ള മർക്കോസ് ചേട്ടന്റെ പുരയിടത്തിലെ വാഴകളെല്ലാം ഒരാഴ്ചക്കകം വെട്ടി മാറ്റണമെന്നും, അങ്ങനെ ചെയ്തില്ലെങ്കിൽ അതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ അത് ചെയ്യുമെന്നും, ആ നഷ്ടം കൂടി മർക്കോസ് ചേട്ടൻ നൽകണമെന്നും അറിയിക്കാനാണ് പരിഷ്കാരികളായ ഉദ്യോഗസ്ഥർ മർക്കോസ് ചേട്ടന്റെ വീട്ടിലെത്തിയത്.

*4. "രോഗം വന്നാൽ എല്ലാം വെട്ടിക്കളഞ്ഞാൽ മതിയോ?" മർക്കോസ് ചേട്ടൻ ഇങ്ങനെ ചോദിക്കാൻ ഇടയായ സാഹചര്യം എന്ത് ?*

സർക്കാർ ഉത്തരവുമായി വാഴകൾ വെട്ടിമാറ്റാൻ ആവശ്യപ്പെട്ടെത്തിയ പരിഷ്കാരികളായ ഉദ്യോഗസ്ഥരോട് മർക്കോസ് ചേട്ടൻ തന്റെ എതിർപ്പ് പ്രകടിപ്പിക്കുന്നതാണ് സന്ദർഭം. തന്റെ വാഴകൾക്കൊന്നും രോഗമില്ലെന്നും, ആ വാഴകളാണ് തന്റെ അന്നന്നത്തെ അപ്പം എന്നും പറയുന്ന അയാൾ രോഗമുള്ളവയെല്ലാം വെട്ടിമാറ്റിയാൽ പ്രശ്നം തീരുമോ എന്ന് ചോദിക്കുന്നു. കർഷകർക്ക് ഒരു സഹായവും ചെയ്യാതെ, കർഷകരുടെ വിളകൾ വെട്ടി നശിപ്പിക്കാൻ മാത്രം എത്തുന്ന ഉദ്യോഗസ്ഥരോടും, ഗവൺമെൻറ് നയങ്ങളോടുമുള്ള പ്രതിഷേധമാണ് മർക്കോസ് ചേട്ടന്റെ വാക്കുകളിൽ പ്രതിഫലിക്കുന്നത്.

*5."*എന്റെ പിതാവിനും രോഗമുണ്ട്*.* അദ്ദേഹത്തെക്കൂടി നിങ്ങൾ വെട്ടി മൂടുക*."* സന്ദർഭം എഴുതി വിശദീകരിക്കുക

വാഴകൾ വെട്ടുന്നതിനിടെ മുറിവേറ്റ് ആശുപത്രിയിലായ പിതാവിന് കുടിക്കുന്നതിന് ഒരു കരിക്ക് എടുക്കാൻ വീട്ടിലെത്തിയ റാഹേൽ മരുഭൂമിയായിത്തീർന്ന തങ്ങളുടെ പുരയിടം കണ്ട് അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരോടു കയർത്ത് സംസാരിക്കുന്നതാണ് സന്ദർഭം. രോഗം വന്നാൽ ചികിത്സിച്ച് സുഖപ്പെടുത്തുകയാണ് വേണ്ടത്. അല്ലാതെ വെട്ടിമൂടുകയല്ല. അതുകൊണ്ടാണ് "എന്റെ പിതാവിനും രോഗമുണ്ട്. അദ്ദേഹത്തെക്കൂടി നിങ്ങൾ വെട്ടി മൂടുക." എന്ന് അവൾ ആക്രോശിക്കുന്നത്. തങ്ങളുടെ ജീവിതോപാധി നശിപ്പിച്ച അധികാരിവർഗ്ഗത്തോടുള്ള അമർഷം അവളുടെ വാക്കുകളിൽ തെളിയുന്നു.

*******